# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

നമ്പർ. 925/ആർ 1/2026/KDRB തിരുവനന്തപുരം , 18.08.2026

## <u>അറിയിപ്പ്</u>

മഴക്കെടുതികൾ മൂലം മാറ്റിവെച്ച തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പ്യൂൺ/ ഓഫീസ് അറ്റൻഡന്റ് (കാറ്റഗറി നം. 40/2025) തസ്തികയിലേക്കുള്ള ഒ.എം.ആർ പരീക്ഷ **2026 സെപ്റ്റംബർ 6 (ഞായർ)** ഉച്ചയ്ക്ക് **01.30 മുതൽ 03.15 വരെ** തിരുവനന്തപുരം ജില്ലയിലെ വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

**പ്രധാന വിവരങ്ങൾ:**

• **ഹാൾ ടിക്കറ്റ്:** പുതുക്കിയ ഹാൾ ടിക്കറ്റ് **2026 ഓഗസ്റ്റ് 22** മുതൽ ഉദ്യോഗാർത്ഥികളുടെ 'ദേവജാലിക' പ്രൊഫൈലിൽ (Hall ticket → Download Hall Ticket) ലഭ്യമാകും.

• **സ്ക്രൈബ് അപേക്ഷ:** 40 ശതമാനത്തിന് മുകളിൽ ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് (ദേവജാലിക പ്രൊഫൈലിൽ അപേക്ഷിക്കുമ്പോൾ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥിയാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളവർക്ക്) സ്ക്രൈബിനെ ആവശ്യമുണ്ടെങ്കിൽ **2026 ആഗസ്റ്റ് 31 (തിങ്കൾ) വൈകിട്ട്** 5.00 **മണിക്ക്** മുൻപായി kdrbtvm@gmail.com എന്ന ഇ-മെയിൽ വഴിയോ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ നേരിട്ടോ അപേക്ഷ സമർപ്പിക്കേണ്ടതാണ്.(**<u>ശ്രദ്ധിക്കുക: ഈ പരീക്ഷയ്ക്കായി മുൻപ് സ്ക്രൈബിനെ ആവശ്യപ്പെട്ട് അപേക്ഷിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല</u>**).

**ഹാജരാക്കേണ്ട രേഖകൾ:**

1.തിരിച്ചറിയൽ രേഖ (ആധാർ / മറ്റ് അംഗീകൃത തിരിച്ചറിയൽ കാർഡ്)

2.ദേവജാലിക പ്രൊഫൈൽ മുഖേന സമർപ്പിച്ച അപേക്ഷാ ഫോറം

3.പരീക്ഷയുടെ ഹാൾ ടിക്കറ്റ്

4.മെഡിക്കൽ ബോർഡ് നൽകുന്ന 'JOB ORIENTED PHYSICAL AND FUNCTIONALITY CERTIFICATION'

5.ബന്ധപ്പെട്ട സ്പെഷ്യലിസ്റ്റ് ഡോക്ടർ സാക്ഷ്യപ്പെടുത്തിയ "എഴുതുവാൻ ബുദ്ധിമുട്ടുണ്ട്" എന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് (Appendix I ഫോം)

***ശ്രദ്ധിക്കുക:*** *മേൽപറഞ്ഞ സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷ സമർപ്പിക്കുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.*

**'JOB ORIENTED PHYSICAL AND FUNCTIONALITY CERTIFICATION', 'Appendix I' ഫോറങ്ങൾ എന്നിവ റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ (www.kdrb.kerala.gov.in) DOWNLOADS ➞ APPLICATION FORMS ➞ SCRIBE REQUEST – IMPORTANT CERTIFICATES എന്ന ലിങ്കിൽ ലഭ്യമാണ്.**

ഒപ്പ്/-
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്